മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പരമാധ്യക്ഷനായി
സ്ഥാനാരോഹണം ചെയ്യപ്പെട്ട

## നിതാന്ത വന്ദ്യ ദിവ്യ മഹിമ ശ്രീ
## ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലിത്തായ്ക്ക്

സഭാംഗങ്ങൾ ഭക്ത്യാദരപൂർവ്വം സമർപ്പിക്കുന്ന

# മംഗള പത്രം

**അഭിവന്ദ്യ പിതാവേ,**

മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ അധികാരത്തിൽപ്പെട്ട മാർത്തോമ്മാ സുറിയാനി സഭയുടെ പരമാധ്യക്ഷനായി തിരുമനസ്സുകൊണ്ട് സ്ഥാനാരോഹണം ചെയ്യപ്പെട്ട ഈ സുദിനത്തിൽ വാത്സല്യ മക്കളായ ഞങ്ങൾ അങ്ങയെ അനുമോദിക്കുന്നതോടൊപ്പം ഞങ്ങൾക്കുള്ള ഭക്ത്യാദരവുകൾ സമർപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

മാർത്തോമ്മാ സഭയുടെ അഭിവന്ദ്യ പിതാക്കന്മാരുടെ, വിശിഷ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്തായുടെ പിൻഗാമിയായി സഭയുടെ 22–ാം മാർത്തോമ്മാ മെത്രാപ്പോലീത്തായായി സാരഥ്യം ഏറ്റെടുത്തിരിക്കുന്ന തിരുമനസ്സിനു ഞങ്ങൾ സർവ്വഭാവുകങ്ങളും ആശംസിക്കുന്നു.

അഷ്ടമുടി ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ കിഴക്കേ ചക്കാലയിൽ ഡോ. കെ.ജെ. ചാക്കോയുടെയും ശ്രീമതി. മറിയാമ്മ ചാക്കോയുടെയും മകനായി ജനിച്ചുവളർത്തപ്പെട്ട അങ്ങയ്ക്കു പൈതൃകമായി ലഭിച്ച സഭാ സ്നേഹവും സുവിശേഷ തീക്ഷ്ണതയും വൈദികൻ, എപ്പിസ്ക്കോപ്പാ, സഫ്രഗൻ മെത്രാപ്പോലിത്താ എന്നീ നിലകളിൽ സഭാ പ്രവർത്തനങ്ങൾക്കു നൽകിയിട്ടുള്ള വിശിഷ്ടമായ നേതൃത്വവും പരമോന്നതമായ ഈ പദവിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അങ്ങയെ പ്രാപ്തനാക്കുന്നു. സഭയെ നയിക്കുന്നതിന് സർവ്വശക്തനായ ദൈവത്തിന്റെ കൃപ ധാരാളമായി ലഭിക്കട്ടെ.

ആഗോളവ്യാപകമായ മാർത്തോമ്മാ സഭയെ നയിക്കുന്നതിന് അങ്ങയുടെ അനുഭവ സമ്പത്ത് ഗുണകരമാകും. സമൂഹത്തിലെ ദുർബല വിഭാഗങ്ങളോടുള്ള കരുതലും അവരുടെ അഭ്യുന്നതിക്കുവേണ്ടി വിവിധ ഭദ്രാസനങ്ങളിൽ സമാരംഭിച്ച വികസന പ്രവർത്തനങ്ങളും ഞങ്ങൾ വിലമതിക്കുന്നു. ഇതര സഭകളോടും സമുദായങ്ങളോടും പ്രസ്ഥാനങ്ങളോടും അങ്ങു കാട്ടുന്ന സഹകരണം മാതൃകാപരമാണ്. അങ്ങേയ്ക്കു ലഭ്യമായിട്ടുള്ള ഉന്നത വിദ്യാഭ്യാസവും അറിവുകൊണ്ടും അനുഭവംകൊണ്ടും അങ്ങ് സ്വായത്തമാക്കിയ നേതൃശൈലിയും കർമ്മനിരതമായ ജീവിതവും ക്രമീകൃതമായ പ്രവർത്തനങ്ങളും സഭയ്ക്ക് മുതൽക്കൂട്ടാകും.

**അഭിവന്ദ്യ തിരുമേനി,**

അങ്ങ് ഇന്നേദിവസം പ്രാപിച്ചിരിക്കുന്ന ഉന്നത സ്ഥാനത്തിന്റെ ഗൗരവപൂർവ്വമായ ചുമതലകൾ വിശ്വസ്തതയോടെ നിറവേറ്റി, സഭാനാഥനായ ക്രിസ്തുവിന്റെ പരമോദ്ദേശ്യത്തിന് അനുസരണമായി സഭയെ നയിക്കുന്നതിന് വേണ്ട ദർശനവും ദൈവകൃപയും നൽകി അനുഗ്രഹിക്കുന്നതിന് കരുണാസമ്പന്നനായ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് ഈ മംഗളപത്രം ആദരപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

മാർത്തോമ്മാ സഭാംഗങ്ങൾ

തിരുവല്ല | 14.11.2020.